ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 10.03.2026**

## പ്രധാനവാർത്തകൾ

1. പാർലമെന്റിൽ നടപടികൾ പുരോഗമിക്കുന്നു. സ്പീക്കറെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള പ്രതിപക്ഷത്തിന്റെ നോട്ടീസ് ലോക്സഭ പരിഗണിക്കുന്നു. പ്രതിപക്ഷം രാജ്യസഭയിൽ നിന്ന് ഇറങ്ങിപ്പോയി.

2. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ കേരളത്തിൽ. പതിനായിരത്തി 800 കോടി രൂപയുടെ വികസന പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിക്കും.

3. സംഘർഷം തുടരുന്ന പശ്ചിമേഷ്യയിലെ ഇന്ത്യക്കാരുടെ സുരക്ഷാസ്ഥിതി ചർച്ച ചെയ്ത് കേന്ദ്രവിദേശകാര്യ മന്ത്രാലയം.

4. പാചകവാതകത്തിന്റെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എണ്ണ ശുദ്ധീകരണശാലകൾക്ക് നിർദേശം നൽകി കേന്ദ്രസർക്കാർ വിജ്ഞാപനം പുറത്തിറങ്ങി.

5. വികസനവും ക്ഷേമപദ്ധതികളും എല്ലാവർക്കും ലഭ്യമാകുന്ന നവകേരളം സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

6. വൈദ്യുതി മേഖലയിലെ പരിഷ്കാരങ്ങൾ കണക്കിലെടുത്ത് കേരളത്തിന് 2,924 കോടി രൂപയുടെ അധിക വായ്പ അനുമതി നൽകി കേന്ദ്രം.

&&&&&&&&&&&&&&

RNUTVPM

## പാർലമെന്റ്

പാർലമെന്റിൽ നടപടികൾ പുരോഗമിക്കുന്നു. രാജ്യസഭയിൽ ഇന്ന് വിവിധ മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും റിപ്പോർട്ടുകൾ കേന്ദ്രമന്ത്രിമാർ അവതരിപ്പിച്ചു. തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ചുള്ള ചർച്ച ആവശ്യപ്പെട്ട പ്രതിപക്ഷം പിന്നീട് സഭയിൽ നിന്ന് ഇറങ്ങിപ്പോയി. പ്രതിപക്ഷത്തിന്റെ നടപടിയെ സഭാനേതാവ് ജെ പി നഡ്ഡ വിമർശിച്ചു. സഭയിൽ ഒരു തരത്തിലുമുള്ള ചർച്ച നടത്താൻ പ്രതിപക്ഷം ആഗ്രഹിക്കുന്നില്ലെന്നും ശ്രീ നഡ്ഡ പറഞ്ഞു. വിവിധ വിഷയങ്ങളിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഉച്ചയ്ക്ക് 12 മണി വരെ നിർത്തിവച്ച ലോക് സഭയിൽ നടപടികൾ പുരോഗമിക്കുകയാണ്. സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള പ്രതിപക്ഷത്തിന്റെ പ്രമേയ നോട്ടീസ് ലോക്സഭ പരിഗണിച്ചു.

RNU TVPM

***************************

## പിഎം സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ കേരളം സന്ദർശിക്കും. ഉച്ചയ്ക്ക് എറണാകുളത്തെത്തുന്ന പ്രധാനമന്ത്രി, 10,800 കോടി രൂപയുടെ ഒന്നിലധികം വികസന പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിക്കും.ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ കൊച്ചി എണ്ണശുദ്ധീകരണശാലയിലെ പോളിപ്രൊപ്പിലീൻ യൂണിറ്റിനു അദ്ദേഹം തറക്കല്ലിടും. ദേശീയപാത 66-ലെ തലപ്പാടി മുതൽ ചെങ്കള, വെങ്ങളം മുതൽ രാമനാട്ടുകര ആറുവരിപ്പാതയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും. പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന പ്രകാരം നിർമിച്ച 23 ഗ്രാമീണ റോഡുകളുടെയും നവീകരിച്ച ഷൊർണൂർ, കുറ്റിപ്പുറം, ചങ്ങനാശേരി റെയിൽവേ സ്റ്റേഷനുകളുടെയും ഷൊർണൂർ-നിലമ്പൂർ റെയിൽപ്പാത വൈദ്യുതവൽക്കരണം

ഉൾപ്പെടെയുള്ളവയും ഉദ്ഘാടനം നിർവഹിക്കും. തുടർന്ന് അദ്ദേഹം തമിഴ്നാട്ടിലേക്ക് പുറപ്പെടും.

**************************

## പി.എം ദേശീയപാത ( ഇൻട്രോ)

ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2,140 കോടി രൂപ ചെലവിലാണ് കോഴിക്കോട് ബൈപ്പാസിന്റെ വെങ്ങളംമുതൽ രാമനാട്ടുകരവരെയുള്ള ദേശീയപാത പൂർത്തിയാക്കിയത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു...**

**(വോയിസ്....)**

**************************

## ഗതാഗത നിയന്ത്രണം

പ്രധാനമന്ത്രിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് കൊച്ചി നഗരത്തിൽ ഇന്നും നാളെയും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. രാവിലെ 10 മുതൽ ഉച്ചയ്ക്ക് 3.30 വരെ ബാനർജി റോഡ്, ഷണ്മുഖം റോഡ്, പാർക് അവന്യു, എംജി റോഡ് ഭാഗങ്ങളിലാണ് നിയന്ത്രണം.

**************************

## ഇറാൻ-യുഎസ്-ആക്രമണം

ഇറാനെതിരായ ആക്രമണം ശക്തമാക്കി ഇസ്രയേൽ അമേരിക്ക സഖ്യം. ഇറാനിലെ 5,000-ത്തിലധികം സർക്കാർ-സൈനിക കേന്ദ്രങ്ങളിൽ ആക്രമണം നടത്തിയതായി അമേരിക്ക അറിയിച്ചു. ഫെബ്രുവരി 28 ന് ആരംഭിച്ച ഓപ്പറേഷൻ

PNU TVPM

എപ്പിക് ഫ്യൂറിയിൽ 50 ഇറാനിയൻ കപ്പലുകൾ നശിപ്പിച്ചതായും അമേരിക്ക അവകാശപ്പെട്ടു. ഇറാനിലെ ഐആർജിസി ഡ്രോൺ ആസ്ഥാനത്തും ഇറാൻ സർക്കാരുമായി ബന്ധപ്പെട്ട ഒന്നിലധികം കേന്ദ്രങ്ങളിലും വ്യോമാക്രമണം നടത്തിയതായി ഇസ്രായേൽ സൈന്യവും അറിയിച്ചു. ഇറാനും ശക്തമായി തിരിച്ചടിക്കുകയാണ്.

**************************

## വിദേശകാര്യ മന്ത്രാലയ സെക്രട്ടറി

പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ ചർച്ച ചെയ്യുന്നതിനായി വിദേശകാര്യ മന്ത്രാലയ സെക്രട്ടറി ശ്രീപ്രിയ രംഗനാഥൻ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാരുടെ ഓൺലൈൻ യോഗം വിളിച്ചുചേർത്തു. എംബസികളും കോൺസുലേറ്റുകളും നൽകുന്ന നിർദേശങ്ങൾ പരമാവധി ജനങ്ങളിൽ എത്തിക്കണമെന്ന് സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും അഭ്യർത്ഥിച്ചു.

RNUTVPM

**************************

## എൽപിജി വിജ്ഞാപനം

പാചകവാതകത്തിന്റെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എണ്ണ ശുദ്ധീകരണശാലകൾക്ക് നിർദേശം നൽകി കേന്ദ്രസർക്കാർ വിജ്ഞാപനം പുറത്തിറങ്ങി. ഗാർഹിക എൽപിജി വിതരണത്തിന് സർക്കാർ മുൻഗണന നൽകിയിട്ടുണ്ടെന്നും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും ഒഴിവാക്കാൻ 25 ദിവസത്തെ ബുക്കിംഗ് കാലയളവ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം പുറത്തിറക്കിയ വിജ്ഞാപനത്തിൽ പറയുന്നു. പശ്ചിമേഷ്യൻ യുദ്ധത്തിന്റെ സാഹചര്യത്തിലാണ് ഈ നീക്കം.

***************************

## എണ്ണ വില

ഇറാൻ - യുഎസ്-ഇസ്രായേൽ സംഘർഷത്തിനിടയിലും അസംസ്കൃത എണ്ണക്ക് വില കുറഞ്ഞു. വിലയിൽ കഴിഞ്ഞ ദിവസത്തേക്കാൾ ഏകദേശം 8.5 ശതമാനം കുറഞ്ഞ് ബാരലിന് 92.5 യുഎസ് ഡോളറിലെത്തി. ലോകത്തിലെ എണ്ണ വിതരണ ശൃംഖലയിൽ നിർണായകമായ ഇറാൻ തീരത്തെ ഹോർമുസ് കടലിടുക്ക് അടച്ചത് ഉൾപ്പടെ, ആഗോള വിപണിയെ ബാധിച്ചിരുന്നു.

***************************

## മന്ത്രി കെ കൃഷ്ണൻ കുട്ടി

വൈദ്യുതി മേഖലയിൽ സംസ്ഥാനം നടപ്പിലാക്കിയ മാതൃകാപരമായ പരിഷ്കാരങ്ങളെ തുടർന്ന് കേരളത്തിന് 2,924 കോടി രൂപയുടെ അധിക വായ്പ കൂടി എടുക്കാൻ കേന്ദ്ര സർക്കാർ അനുമതി. ഇതോടെ  മൊത്തം 5,848 കോടി രൂപയുടെ അധിക വായ്പാനുമതിയാണ് സംസ്ഥാനത്തിന് ലഭിച്ചതെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി അറിയിച്ചു. ധനകാര്യ മന്ത്രാലയത്തിന്റെ എക്സ്പെൻഡിച്ചർ വിഭാഗം ഇത് സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് പുറപ്പെടുവിച്ചു.

RNUTVPM

***************************

## യൂത്ത് പാർലമെന്റ്

വികസിത് ഭാരത് യൂത്ത് പാർലമെന്റ് സംസ്ഥാനതല മത്സരം തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. കേരള സർവകലാശാല വൈസ് ചാൻസലർ മോഹനൻ കുന്നുമ്മൽ പരിപാടി ഉദ്ഘാടനം ചെയ്തു. സിബിസി - പിഐബി കേരള ലക്ഷദ്വീപ്

അഡീഷണൽ ഡയറക്ടർ ജനറൽ വി പളനിച്ചാമി അധ്യക്ഷനായ ചടങ്ങിൽ മൈ ഭാരത് സ്റ്റേറ്റ് ഡയറക്ടർ എം അനിൽ കുമാർ, സായി റീജിയണൽ സെന്റർ ഡയറക്ടർ ശരത് ചന്ദ്ര യാദവ് എന്നിവർ സംസാരിച്ചു.

****************************

## ഉപരാഷ്ട്രപതി - സി.ഐ.എസ്.എഫ്

ഇന്ന് CISF സ്ഥാപക ദിനം. 1969 മാർച്ച് 10-നാണ് കേന്ദ്ര വ്യവസായ സുരക്ഷാസേനയായ CISF രൂപീകരിച്ചത്. സംസ്ഥാനത്തെ വിമാനത്താവളങ്ങൾ, മെട്രോകൾ, സർക്കാർ കെട്ടിടങ്ങൾ, പ്രധാന വ്യവസായ ശാലകൾ എന്നിവയുടെ സുരക്ഷ ഉറപ്പാക്കുന്ന പ്രധാന അർദ്ധസൈനിക വിഭാഗമാണിത്. ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്രആഭ്യന്തരമന്ത്രി എന്നിവർ CISF സേനാംഗങ്ങൾക്ക് ആശംസ നേർന്നു.

RNU TVPM

****************************

## മുഖ്യമന്ത്രി-സുശക്തി

എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്ന വികസനവും ക്ഷേമപദ്ധതികളും എല്ലാവർക്കും ലഭ്യമാകുന്ന ഒരു നവകേരളം സൃഷ്ടിക്കുകയാണ് സർക്കാറിന്റെ അന്തിമ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായി ആരംഭിച്ച സുശക്തി സ്വയംസഹായ സംഘങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്നലെ തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സർക്കാർ നിരവധി പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

**************************

## ആലപ്പുഴ ടൂറിസം (ഇൻട്രോ)

ആലപ്പുഴ കൈനകരി വട്ടക്കായൽ ടെർമിനൽ അഡ്വഞ്ചർ ടൂറിസം പദ്ധതി വിനോദസഞ്ചാര വകുപ്പ് മന്ത്രി അഡ്വ. പി.എ. മുഹമ്മദ് റിയാസ് ഇന്ന് വൈകിട്ട് നാടിന് സമർപ്പിക്കും. സ്വകാര്യ പങ്കാളിത്തത്തോടെ വിനോദ സഞ്ചാര വകുപ്പും, ജില്ലാ ടൂറിസം വകുപ്പും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ...**

(വോയ്സ്)

RNUTVPM

**************************

## എഫ്.ഐ.എച്ച് വനിതാ ഹോക്കി

ഹൈദരാബാദിൽ ഇന്നലെ നടന്ന ഇന്ത്യ - സ്കോട്ലൻഡ് എഫ്.ഐ.എച്ച് വനിതാ ഹോക്കി ലോകകപ്പ് 2026 യോഗ്യതാ മത്സരം സമനിലയിൽ പിരിഞ്ഞു. ആദ്യ പകുതിയിൽ ഇന്ത്യൻ ടീം 2-1 ന് മുന്നിലായിരുന്നെങ്കിലും മൂന്നാം ക്വാർട്ടറിൽ സ്കോട്ലൻഡ് തിരിച്ചുവന്നു. ബെൽജിയവും നെതർലാൻഡ്സും സംയുക്തമായാണ് ഈ വർഷം ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്നത്.

**************************

## ഓഹരി സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 577 പോയിന്റ് ഉയർന്ന് 78,143 ലും നിഫ്റ്റി 201 പോയിന്റ് നേട്ടത്തിൽ

24,229 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കൂടി. പവന് 520 രൂപ വർധിച്ച് ഒരു ലക്ഷത്തി 19,080 രൂപയും ഗ്രാമിന് 14,885 രൂപയുമാണ് ഇന്നത്തെ വില.

**************************

## ഡബിൾ ഡക്കർ - കോഴിക്കോട്

തിരുവനന്തപുരത്തും മൂന്നാറിലും തൃശ്ശൂരും ജനപ്രീതി നേടിയ കെഎസ്ആർടിസിയുടെ ഓപ്പൺ ഡബിൾ ഡക്കർ സിറ്റി റൈഡ് കോഴിക്കോട് സർവീസ് ആരംഭിച്ചു. ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസ് സർവീസ് ഫ്ലാഗ് ഓഫ് ചെയ്തു. അഹമ്മദ് ദേവർകോവിൽ എംഎൽഎ സന്നിഹിതനായിരുന്നു.

**************************

## ശബരിമല

PRD TVPM

മീനമാസ പൂജകൾക്കായി ശബരിമലനട ഈ മാസം 14ന് വൈകിട്ട് അഞ്ചിന് തുറക്കും. പൂജകൾക്ക് ശേഷം ഈ മാസം 19 രാത്രി 10ന് നടയടയ്ക്കും. പൈങ്കുനി ഉത്ര ഉത്സവത്തിനായി 22ന് വീണ്ടും തുറക്കും. 23നാണ് ഉത്സവം കൊടിയേറുക.

**************************

## കാർഷിക യന്ത്രോപകരണ വിതരണം

കണ്ണൂർ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പാടശേഖരങ്ങൾക്കുള്ള കാർഷിക യന്ത്രോപകരണങ്ങൾ വിതരണം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബിനോയ് കുര്യൻ ഉദ്ഘാടനം ചെയ്തു. 12 പാടശേഖരങ്ങൾക്കാണ് ഉപകരണങ്ങൾ വിതരണം ചെയ്തത്.

**************************

## മലപ്പുറം തീപിടുത്തം

മലപ്പുറം എടവണ്ണ പോത്തുവെട്ടിയിൽ ഫർണിച്ചർ ഷെഡുകൾക്ക് തീപിടിച്ച് വൻ നാശനഷ്ടം. പോത്തുവെട്ടിയിൽ പ്രവർത്തിക്കുന്ന രണ്ട് ഫർണിച്ചർ ഷെഡുകളാണ് തീപിടുത്തത്തിൽ പൂർണ്ണമായും കത്തിനശിച്ചത്. ഇന്നലെ അർധരാത്രിയിലാണ് സംഭവം. ഫയർഫോഴ്സിനോടൊപ്പം നാട്ടുകാരും ചേർന്ന് നടത്തിയ മണിക്കൂറുകൾ നീണ്ട പരിശ്രമത്തിനൊടുവിലാണ് തീ നിയന്ത്രണവിധേയമാക്കിയത്.

**************************

## കണ്ണൂർ - സംഘർഷം

കണ്ണൂർ മുഴപ്പിലങ്ങാട് കുറുമ്പ ഭഗവതി ക്ഷേത്രത്തിലെ താലപ്പൊലി ഉത്സവത്തിനിടെ സംഘർഷം. പത്തിലേറെ പേർക്ക് പരിക്കേറ്റതായി പോലീസ് അറിയിച്ചു. ഇന്ന് പുലർച്ചെ മൂന്നു മണിയോടെയാണ് സിപിഐഎം-ബിജെപി പ്രവർത്തകർ തമ്മിൽ സംഘർഷം ഉണ്ടായത്. കാഴ്ചവരവിനിടയാണ് കല്ലേറിലും മറ്റുമാണ് പലർക്കും പരിക്കേറ്റത്.

RNU TVPM

**************************

## സിവിൽ സർവീസ് -ആദരം

2025-ലെ സിവിൽ സർവീസ് പരീക്ഷയിൽ കേരളത്തിൽ നിന്ന് ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ സംസ്ഥാന സർക്കാർ ആദരിക്കും. ഇന്ന് വൈകുന്നേരം തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന സിവിൽ സർവീസ് അക്കാദമിയുടെ ആഭിമുഖ്യത്തിലാണ് അനുമോദന പരിപാടി സംഘടിപ്പിക്കുന്നത്.

*

*****************

*************************************************

RNU TVPM